**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **09-02-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കോബാൾട്ട് തെറാപ്പി മെഷീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കോബാൾട്ട് തെറാപ്പി മെഷീൻ പ്രവർത്തനരഹിതമായത് എപ്പോഴാണ്; ഇതുകാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ കൊബാൾട്ട് തെറാപ്പി മെഷീൻ 05.8.2020 മുതൽ പ്രവർത്തനരഹിതമാണ്. ഇത് കാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി പ്രസ്തുത മെഷീനിലെ സോഴ്സായ Theratron 780 E മാറ്റി പുതിയ സോഴ്സ് സ്ഥാപിക്കുന്നതിനായി 24.5.2022 ലെ സർക്കാർ ഉത്തരവ് (സാധാ). 1178/2022/ആ.ക.വ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ടി മെഷീന് 23 വർഷത്തിലേറെ പഴക്കമുള്ളതിനാൽ പുതിയ സോഴ്സ് സ്ഥാപിച്ചാലും മെഷീന്റെ പ്രവർത്തനക്ഷമതയ്ക്ക് മാറ്റമുണ്ടാകില്ലെന്ന് കണ്ണൂർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗം മേധാവി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കാസ്പ് ഫണ്ടിൽ നിന്ന് ഏകദേശം 4 കോടി രൂപ വകയിരുത്തി പുതിയ കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ പുതിയ കോബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നത് സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്തെങ്കിലും നിർദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | **കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ കൊബാൾട്ട് തെറാപ്പി മെഷീൻ 05.8.2020 മുതൽ പ്രവർത്തനരഹിതമാണ്. ഇത് കാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി പ്രസ്തുത മെഷീനിലെ സോഴ്സായ Theratron 780 E മാറ്റി പുതിയ സോഴ്സ് സ്ഥാപിക്കുന്നതിനായി 24.5.2022 ലെ സർക്കാർ ഉത്തരവ് (സാധാ). 1178/2022/ആ.ക.വ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ടി മെഷീന് 23 വർഷത്തിലേറെ പഴക്കമുള്ളതിനാൽ പുതിയ സോഴ്സ് സ്ഥാപിച്ചാലും മെഷീന്റെ പ്രവർത്തനക്ഷമതയ്ക്ക് മാറ്റമുണ്ടാകില്ലെന്ന് കണ്ണൂർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗം മേധാവി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കാസ്പ്** |

| | | | |
|---|---|---|---|
| | | | **ഫണ്ടിൽ നിന്ന് ഏകദേശം 4 കോടി രൂപ വകയിരുത്തി പുതിയ കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ